ഖുത്ബ നമ്പർ
**49**
06-12-2013

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: ഹാശിം അശ്റഫ്, ആലപ്പുഴ


Baitul Futuh, London

# കർമ്മങ്ങൾ ശരിയാക്കുക. അതാണ് വിശ്വാസത്തിന്റെ ലക്ഷണം

കഴിഞ്ഞ ഖുത്ബയിൽ, ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ ഒരു ഖുത്വുബയുടെ വെളിച്ചത്തിൽ കർമ്മ സംസ്ക്കരണത്തിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിച്ചിരുന്നു. അതോടൊപ്പം നബി കരീം ﷺ ന്റെ പരിശുദ്ധ മാതൃകയും, അദ്ദേഹത്തിന്റെ സത്യപ്രേമിയുടെ രീതിയും, പ്രവർത്തനശൈലിയും സംബന്ധിക്കുന്ന സംഭവങ്ങളും വിവരിക്കുകയുണ്ടായി. അതിൽ പ്രധാനമായും സത്യസന്ധതയെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. നമ്മുടെ യജമാനൻ മുഹമ്മദ് റസൂലുല്ലാഹ് ﷺ യും അദ്ദേഹത്തിന്റെ സത്യപ്രേമിയും സ്ഥാപിച്ച ഈ നിലവാരത്തിന്റെ ഉന്നതി, പിന്നീട് സഹാബത്ത് പിൻപറ്റിക്കൊണ്ട് അതിനെ പരിപോഷിപ്പിക്കുകയും ചെയ്തു. സത്യസന്ധതയെ സംബന്ധിക്കുന്ന കാര്യം ഒരു ഉദാഹരണം മാത്രമായിരുന്നു. അല്ലാഹു ചെയ്യാൻ കല്പിച്ച എല്ലാ നന്മകളും സ്വായത്തമാക്കുകയും വർജ്ജിക്കാൻ കല്പിച്ച എല്ലാ തിന്മകളും വർജ്ജിക്കുകയും, മാത്രമല്ല തിന്മയോട് ഒരു വെറുപ്പ് സൃഷ്ടിക്കലുമാണ് കർമ്മ സംസ്ക്കരണത്തിന്റെ യഥാർത്ഥ അടിത്തറ. നമ്മിൽ നന്മയുടെ ഉന്നത നിലവാരം നിലനാട്ടപ്പെടുമ്പോഴാണ് യഥാർത്ഥ മുസ്‌ലിമെന്ന് നാം വിളിക്കപ്പെടുന്നതും കാലത്തിന്റെ ഇമാമിന്റെ ജമാഅത്തിലെ അംഗമെന്ന് പറയപ്പെടുന്നതും. ഇതെല്ലാം സ്ഥാപിച്ചു കാണിക്കാൻ ഒരു യഥാർത്ഥ മുസ്‌ലിമിനോട് അല്ലാഹു കല്പിച്ചിരിക്കുന്നു. മറ്റൊരു വശത്ത് തിന്മയോട് അങ്ങേയറ്റം വെറുപ്പ് സൃഷ്ടിക്കുക.

ചുരുക്കത്തിൽ യഥാർത്ഥ മുസ്‌ലിം വളരെ പരിപക്വമായ ഒരു മനുഷ്യനായിരിക്കും. അവൻ നന്മയെ തേടിപ്പിടിച്ച് ഹൃദയത്തോട് അടുപ്പിക്കുകയും തിന്മയിൽ നിന്ന് ഓടി അകലുന്നവനുമാണ്. അപ്പോഴാണ് നിഷ്പ്രയാസത്തോടെ തന്റെ ദൗത്യം അവൻ പൂർത്തിയാക്കുന്നത്. അതല്ലാതെ നന്മയുടെയും തിന്മയുടെയും ഉള്ളിൽകുടുങ്ങി സത്പ്രവർത്തനങ്ങളെക്കുറിച്ച് വീരവാദം മുഴക്കുന്നവനായിരിക്കില്ല.

വിശ്വാസത്തെ സംബന്ധിച്ചുള്ള വളരെ വ്യക്തമായ തെളിവുകൾ നമ്മുടെ പക്കലുണ്ടെന്നുള്ള കാര്യം കഴിഞ്ഞ ഖുത്വബയിൽ പറഞ്ഞിരുന്നു. അത് ഹ: മസീഹ് മൗഊദ് عليه السلام ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിനും അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനും വേണ്ടി നമുക്ക് നൽകിയിരിക്കുന്നു. ഈ കാര്യം എപ്പോഴും നമ്മുടെ ശത്രുക്കൾക്കുമുമ്പിൽ നമുക്ക് മുൻതൂക്കം നല്കിത്തരാറുണ്ട്. ദുർവാശിയും ശാഠ്യവും, ഹൃദയശങ്കയും കാരണം ആരെങ്കിലും അംഗീകരിക്കുന്നില്ലെങ്കിൽ, അത് മറ്റൊരു വിഷയം. തെളിവുകൾക്കുള്ള മറുപടി അവരുടെ കൈവശമില്ല. ഇക്കാരണത്താൽ അവർ വ്യാകുലപ്പെടുകയും അഹ്മദികൾ ഏതു രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കും എന്ന് അറിയുന്നത് കൊണ്ട് സംവാദങ്ങളിൽ നിന്ന് അവർ രക്ഷപ്പെടുകയും ചെയ്യുന്നു. അറബിയിലുള്ള നമ്മുടെ ചോദ്യോത്തര പരിപാടികളിൽ ചില ക്രിസ്ത്യാനികൾ പോലും ഈ കാര്യം സമ്മതിക്കുകയുണ്ടായി. "അഹ്മദിയ്യാ ജമാഅത്തിന്റെ തെളിവുകൾ സുദൃഢമാണ്." അതുപോലെ നമ്മുടെ കൈവശമുള്ള അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ, വളരെയധികവുമാണ്. അവ ഒരു വശത്ത് അന്യരിൽ ഇസ്‌ലാമിന്റെ സത്യസാക്ഷ്യം വെളിപ്പെടുത്തുന്നു. മറുവശത്ത് അഹ്മദിയ്യത്തിനെ എതിർക്കുന്ന അനഹ്മദികളുടെ എതിർപ്പിനും മറുപടി നൽകുന്നു. എതിരാളികൾ ദുശ്ശാഠ്യത്തിൽ നിൽക്കാതെ, മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അതിന്റെ പശ്ചാത്തലത്തിൽ നിന്നും അടർത്തിയെടുത്ത് ദുർവ്യാഖ്യാനം ചെയ്യുന്നതിൽനിന്ന് അകന്നുനിന്നുകൊണ്ട് വ്യക്തമായ തെളിവുകളെ ധിക്കരിക്കാതെ വീക്ഷിക്കുകയാണെങ്കിൽ, അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യം സ്വീകരിക്കാതെ മറ്റൊരു വഴി അവർക്കുണ്ടാകുകയില്ല. ഈ പണ്ഡിതവർഗത്തിന്റെ താൽപര്യസംരക്ഷണം, പൊതുജനത്തിൽ കുപ്രചരണം നടത്തി അവരെ വഴി തെറ്റിക്കുന്നതിന് പ്രേരിപ്പിക്കുന്നു. തെളിവുകൾ ഒന്നും ഇല്ലായെന്നാകുമ്പോൾ ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ വ്യക്തിത്വത്തിൽ ആക്ഷേപം ഉന്നയിക്കുന്നു.

ഇനി തെളിവുകളെ തുലനം ചെയ്യുകയാണെങ്കിൽ, ഇസ്‌ലാമിന്റെ എതിരാളികളുടെയും അഹ്മദിയ്യത്തിന്റെ എതിരാളികളുടെയും തെളിവുകളേക്കാൾ നമ്മുടെ തെളിവുകൾക്ക് ഭാരമേറുന്നതാണ്. നമ്മിൽ നിന്ന് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്തുകൊണ്ടിരിക്കുന്നവർ അത് മനസ്സിലാക്കാൻ പരിശ്രമിക്കുന്നു. അവരുടെ മുന്നിൽ ആർക്കും തന്നെ ജയിക്കാൻ സാധ്യമല്ല. "എന്റെ ഗ്രന്ഥം വായിക്കുക. നമ്മുക്കെതിരിൽ ആർക്കും ജയിക്കാൻ സാധ്യമല്ല." എന്നതും ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഒരു വാദമാണ്.

എന്നാൽ ഹ: മസീഹ് മൗഊദ് عليه السلام നമ്മിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന കർമ്മ പരിവർത്തനത്തിന്റെ അവസ്ഥയെന്താണെന്ന് നോക്കുമ്പോൾ നാം അസ്വസ്ഥരാകുന്നു. നമ്മിലെ ഓരോരുത്തരും സമൂഹത്തിലെ എല്ലാവിധ തിന്മകളോടും പോരാടിക്കൊണ്ട്, അതിനെ പരാജയപ്പെടുത്തുന്നുണ്ടോ? നാമുമായി ബന്ധപ്പെടുന്നവർ, നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും വസിക്കുന്നവർ നാമോരോരുത്തരുടെയും കർമ്മങ്ങൾ കണ്ട് സ്വാധീനപ്പെടുന്നുണ്ടോ? അല്ലെങ്കിൽ നാം ചുറ്റുപാടിന്റെ സ്വാധീനത്താൽ നമ്മുടെ അദ്ധ്യാപനത്തെയും സംസ്ക്കാരത്തേയും വിസ്മരിച്ച് പോകുന്നുണ്ടോ?

നമ്മിലെ ഓരോരുത്തരും പരിപൂർണ്ണ പരിശ്രമത്തിലൂടെ ഹദ്റത് മസീഹ് മൗഊദ് (അ) നൽകിയ അദ്ധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന ശുദ്ധീകരണം നടത്തുന്നുണ്ടോ? നമ്മോട് ആവശ്യപ്പെടുന്നതും, ചോദിക്കപ്പെടുന്നതുമായ സത്യസന്ധതയുടെ ഉന്നത നിലവാരം, അതായത് കള്ളവും കറ്റുകെട്ടും നമ്മുടെ സമീപത്ത് പോലും എത്തിപ്പെടാൻ സാധിക്കാത്ത നിലവാരം നാം കരസ്ഥമാക്കുന്നുണ്ടോ? ഭൗതിക ബന്ധം നിലനിർത്തിക്കൊണ്ട് തന്നെ പരലോകത്തെ സംബന്ധിച്ചുള്ള ചിന്ത നാം നിലനിർത്തുന്നുണ്ടോ? ദുൻയാവിനേക്കാൾ ദിനിനെ മുന്തിക്കുകയെന്ന യഥാർത്ഥ നിലവാരം നാം സ്വായത്തമാക്കിയിട്ടുണ്ടോ? എല്ലാവിധ തിന്മകളിൽ നിന്നും ദുഷ്പ്രവർത്തികളിൽ നിന്നും പരമാവധി വിട്ട് നിന്നുകൊണ്ട് രക്ഷനേടുവാൻ പരിശ്രമിക്കുന്നുണ്ടോ? മറ്റുള്ളവരുടെ അവകാശം നിരസിക്കുന്ന പ്രവർത്തനത്തിൽ നിന്ന് വിട്ട് മാറിക്കൊണ്ട് നാം രക്ഷനേടുന്നവരാണോ? അഞ്ച്നേര നമസ്കാരം നാം കൃത്യമായി അനുഷ്ഠിക്കുന്നവരാണോ? എല്ലായിപ്പോഴും ദു:അ ചെയ്തുകൊണ്ട് അല്ലാഹുവിനെ വിനയത്തോടെ സ്മരിക്കുന്നവരുമാണോ? നമ്മിൽ തിന്മ സൃഷ്ടിക്കുന്ന സൗഹൃദത്തെയും സുഹൃത്തിനെയും ഉപേക്ഷിക്കുന്നവരാണോ? മാതാപിതാക്കാളോടുള്ള കടമ നിർവ്വഹിക്കുന്നവരും, അവരെ ആദരിച്ചുകൊണ്ടും നല്ലകാര്യത്തിൽ അനുസരണം പുലർത്തിക്കൊണ്ടും അവരുടെ കാര്യങ്ങളെ പരിഗണിക്കുന്നവരാണോ? നാം ഭാര്യമാരോടും അവരുടെ ബന്ധുക്കളോടും എളിമയോടെ സുകൃതം ചെയ്യുന്നവരാണോ? നമ്മുടെ അയൽവാസികൾക്ക് ചെറിയ ചെറിയ ഉപകാരങ്ങൾ നൽകുന്നതിൽ നിന്നുപോലും നാം വിട്ടുനിൽക്കുന്നുണ്ടോ? നാം നമ്മോട് അപരാധം ചെയ്തവരുടെ തെറ്റുകൾ പൊറുക്കുന്നവരാണോ? നമ്മുടെ ഹൃദയം മറ്റുള്ളവരെ കുറിച്ചുള്ള എല്ലാവിധ ദുർവിചാരത്തിൽ നിന്നും അസൂയയിൽ നിന്നും പരിശുദ്ധമാണോ? എല്ലാ ഭർത്താക്കന്മാരും എല്ലാ പത്നിമാരും പരസ്പരമുള്ള അമാനത്തിന്റെ കടമ നിർവ്വഹിക്കുന്നവരാണോ? ബൈഅത്തിന്റെ നിബന്ധനകളെ മുന്നിൽ വെച്ചുകൊണ്ട് സ്വന്തം അവസ്ഥയിലേക്ക് ശ്രദ്ധിക്കുന്നവരാണോ? നമ്മുടെ സദസ്സുകൾ, മറ്റുള്ളവരുടെ മേൽ ആരോപണം ഉന്നയിക്കുന്നതിൽ നിന്നും പരദൂഷണം പറയുന്നതിൽ നിന്നും പരിശുദ്ധമാണോ? നമ്മുടെ അധിക യോഗങ്ങളും അല്ലാഹുവിനെയും റസൂൽ (സ) യെയും സ്മരിക്കുന്നതാണോ? ഇതിന്റെയെല്ലാം ഉത്തരം അല്ലായെന്നാണെങ്കിൽ, നാം ഹ: മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനത്തിൽ നിന്നും വളരെയധികം വിദൂരപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നാം വ്യാകുലപ്പെടേണ്ടിയിരിക്കുന്നു. ഇനി ഉത്തരം അതെയെന്നാണെങ്കിൽ, നാം സൗഭാഗ്യവാന്മാരാണ്. കാരണം അങ്ങനെയുള്ളവർ തങ്ങളുടെ പ്രവർത്തനങ്ങളെ വീക്ഷിച്ചുകൊണ്ട് അതിന്റെ കടമ നിർവ്വഹിക്കുന്നവരാണ്. എന്നാൽ നിഷ്പക്ഷ ബുദ്ധിയോടെ നാം നോക്കുമ്പോൾ, ചില സാഹചര്യങ്ങളിൽ ലഭിക്കുന്ന മറുപടി, ചുറ്റുപാടിന്റെ സ്വധീനത്താൽ ഇതിലെ അധിക കാര്യങ്ങളെയും നാം ശ്രദ്ധിക്കുന്നില്ലയെന്നാണ്. സമൂഹത്തിലെ തിന്മകൾ വീണ്ടും വീണ്ടും നമ്മുടെ ഉള്ളിൽ പ്രവേശിക്കാൻ ശ്രമിക്കുന്നു. മിക്ക അവസരത്തിലും നാം പരാജയപ്പെടുന്നു. നമ്മിലെ 99.99% ആളുകളും വിശ്വാസ അടിസ്ഥാനത്തിൽ ഞങ്ങൾ സുദൃഢരാണെന്നു വാദമുന്നയിക്കുന്നവരാണ്. ആർക്കും തന്നെ ഞങ്ങളെ വിശ്വാസത്തിൽ നിന്ന് പിന്തിരിക്കാനോ, മാറ്റാനോ സാധ്യമല്ല. എന്നാൽ അവർ ഓർക്കേണ്ട കാര്യം, പ്രവർത്തന ബലഹീനത സമൂഹത്തിന്റെ സ്വാധീനത്താലുണ്ടാകുന്ന ഒഴുക്കിൽ അകപ്പെട്ടു കൊണ്ട് വിശ്വാസത്തിന്റെ അടിവേരിനെപോലും ഇളക്കി മറിക്കുന്നു. ശൈത്വാൻ സാവധാനത്തിലാണ് ആക്രമിക്കുന്നത്. ആദ്യം ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്ന് വിദൂരപ്പെടാൻ തുടങ്ങുന്നു. പിന്നീട് ഒരടി മുന്നേറി ഖിലാഫത്തിൽ നിന്ന് വിദൂരത കൈവരിക്കുന്നു. അതിനാൽ നാം ഓർക്കേണ്ടത്, ഒരു ബലഹീനത മറ്റൊരു ബലഹീനതയുടെ മാർഗ്ഗം തുറക്കുന്നു. അവസാനം എല്ലാം തന്നെ നഷ്ടത്തിലാകുന്നു.

അഹ്മദിയ്യത്തിന്റെ മനോഹാരിത ജമാഅത്ത് വ്യവസ്ഥിതിയുമായും, ഖിലാഫത്ത് വ്യവസ്ഥിതിമായും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നമുക്കറിയാം. ഇതാണ് നമ്മുടെ വിശ്വാസ സുദൃഢതക്കുള്ള ശക്തി പകരുന്നത്. അതു പോലെ കർമ്മബലം നൽകുന്നത്. അതിനാൽ കാലത്തിന്റെ ഖലീഫ മാർ ബലഹീനകളെ തിരിച്ചറിഞ്ഞ്, അത് അകറ്റുന്നതിലേക്ക് ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിച്ച് കൊണ്ടേയിരിക്കുന്നു. ഇത് ഒരഹ്മദിയും തിരിച്ച് വരാൻ സാധിക്കാത്തത്ര വിദൂരപ്പെട്ട് പോകാതിരിക്കുന്നതിനു വേണ്ടിയാണ്. ഇസ്തിഗ്ഫാർ ചെയ്ത് കൊണ്ട് തങ്ങളുടെ പ്രവർത്തന ബലഹീനതയിൽ ശ്രദ്ധിക്കുക. പ്രവർത്തന ബലഹീനതയെ ദുരീകരിക്കുന്നതിനു ശ്രമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ഓർക്കുക.

ഈ കഴിഞ്ഞ എന്റെ വിദൂര പൗരസ്ത്യ നാടുകളിലെ പര്യടനത്തിനിടയിൽ, ഇന്തോനേഷ്യയിലെ ചില അനഹ്മദി സ്കോളേഴ്സുമായി സംസാരിക്കാനുള്ള അവസരം ലഭിച്ചു. സിംഗപ്പൂരിലെ റിസപ്ഷൻ പരിപാടിയിൽ വന്നവരായിരുന്നു. ഈ കാര്യം ഞാൻ പര്യടന സംഭവങ്ങൾ വിവരിച്ചപ്പോൾ പറഞ്ഞിരുന്നതാണ്. അതിലെ അധികമാളുകളും വെളിപ്പെടുത്തിയത്, ''നമ്മുടെ പണ്ഡിതന്മാർ അഹ്മദിയ്യാ ഇമാമിന്റെ വാക്കുകൾ ശ്രദ്ധിക്കേണ്ടതാണ്'' എന്നാണ്. അവരുടെ ഒരു ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: ''ഇന്ന് ഭൂമിയിൽ പ്രാദേശികമായോ, ദേശീയ തലത്തിലോ മാത്രം പരിമിതപ്പെടാത്ത ഒരൊറ്റ ജമാഅത്ത്, അഹ്മദിയ്യാ ജമാഅത്താണ്. അതായത് ആഗോളതലത്തിൽ തന്നെ ഒരൊറ്റ ജമാഅത്തായി അറിയപ്പെടുന്നത് അഹ്മദിയ്യാ ജമാഅത്താണ്. ഇതിൽ ഒരു ഐക്യമുണ്ട്. ഒരു വ്യവസ്ഥിതിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇത് ഒരു ഇമാമുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഓരോ സമൂഹവും ഓരോ വംശത്തിലെ ആളുകളും ഇതിൽ ഭാഗാവാക്കാണ്.'' നബി (സ) ന്റെ വചനത്തിനും പ്രവചനത്തിനുമുള്ള സത്യസാക്ഷ്യത്തിന്റെ വളരെ വലിയ തെളിവാണിത്. അതായത് തിരുനബി (സ) പറഞ്ഞു: ''മുസ്‌ലിം ഉമ്മത്തിൽ ഒരു ജമാഅത്ത് ഉണ്ടാകുന്നതാണ്, ഒരു ജമാഅത്ത് സ്വർഗവകാശിയായിരിക്കുന്നതാണ്.'' ഇത് നബി തിരുമേനി (സ) യുടെ സത്യപ്രേമിയുടെ സത്യസാക്ഷ്യത്തിനുള്ള തെളിവും കൂടിയാണ്. ബുദ്ധിമാൻമാരും സ്വാത്വികരും എതിരാളികളും കാര്യങ്ങൾ കേട്ടുകൊണ്ട് നിശബ്ദരാകുകയും ചിന്തിക്കുകയും ചെയ്യുന്നു. എന്നാൽ ഈ അടയാളത്തെ എന്നേന്നേക്കുമായി നിലനിർത്തുവാൻ വേണ്ടി, നമ്മിലെ ഓരോരുത്തരും തങ്ങളുടെ പ്രവർത്തനത്തിലേക്ക് ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. കാരണം ഈ കാലഘട്ടത്തിൽ ശൈത്വാൻ മുമ്പത്തേക്കാളുപരി ശക്തി കൈവരിച്ചിരിക്കുന്നു. ഇന്നത്തെ കർമ്മരംഗത്തെ അപകടം സമൂഹത്തിന്റെ തിന്മകളുടെ സ്വതന്ത്ര വിളയാട്ടവും അതിന്റെ പ്രചാരണവുമാണ്.

ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റയും പേരിൽ ചില തിന്മകൾക്ക് നിയമ സംരക്ഷണം നൽകിവരുന്നത് ആശ്ചര്യകരമായ വിഷയമാണ്. ഈ കാലഘട്ടത്തിന് മുമ്പ് തിന്മകൾ കുറവായിരുന്നു. പ്രാദേശിക തിന്മകൾ പ്രദേശിക തലത്തിലും, പട്ടണത്തിലെ തിന്മകളിൽ പട്ടണത്തിലും, രാജ്യത്തിലെ തിന്മകൾ രാജ്യത്തിലുമായിരുന്നു. അല്ലെങ്കിൽ അടുത്ത അയൽവാസി അതിൽ സ്വാധീനക്കപ്പെടുന്നു. എന്നാൽ ഇന്ന് സംവിധാനങ്ങൾ അധികരിച്ചിരിക്കുന്നു. ടി.വി, ഇന്റ്ർനെറ്റ് മറ്റ് മാധ്യമങ്ങൾ വ്യക്തിഗതമായ പ്രാദേശികതലത്തിലുള്ള തിന്മകളെ ആഗോളതലത്തിലെ തിന്മയാക്കി മാറ്റി മറിക്കുന്നു. ഇന്റ്ർനെറ്റ് വഴി ആയിരം മൈലുകൾക്കപ്പുറത്തേക്കു ബന്ധിപ്പിച്ചുകൊണ്ടു ദുഷ്പ്രവൃത്തികളേയും അശ്ലീലതകളെയും പ്രചരിപ്പിക്കുന്നു. യുവതികൾക്ക് മോഹനവാഗ്ദാനങ്ങൾ നൽകി ദീനിൽ നിന്ന് വിദൂരപ്പെടുത്തിയിരിക്കുന്നു. (അവരുടെ പ്രവർത്തന ബലഹീനത മറ്റൊരു വശത്താണ്.) കഴിഞ്ഞ ദിവസം എന്റെ മുന്നിൽ ഒരു കാര്യം വരികയുണ്ടായി. പാക്കിസ്ഥാനിലും മറ്റു രാജ്യങ്ങളിലും (അവിടുത്തെ വാർത്ത) പെൺകുട്ടികളെ വിവാഹ വാഗ്ദാനം നൽകി വേശ്യകളാക്കി മാറ്റുന്നു. താൽകാലികമായി വിവാഹം ചെയ്യുന്നു. പിന്നീട് വേശ്യയാക്കുന്നു. ഈ സംഘം ആഗോള തലത്തിലാണ് പ്രവർത്തനം നടത്തുന്നത്. തീർച്ചയായും ഈ ഭയാനകമായ അവസ്ഥ വേവലാതിയിലാഴ്ത്തുന്നു. അതുപോലെ യുവാക്കളെ വ്യത്യസ്ഥ രീതിയിൽ പ്രവർത്തന തലത്തിൽ മാത്രമല്ല, വിശ്വാസതലങ്ങളിൽ നിന്ന് പോലും അകറ്റികളയുന്നു. *അല്ലാഹു എല്ലാ അഹ്മദികളേയും ഈ മാലിന്യങ്ങളിൽ നിന്നു സംരക്ഷിക്കുമാറാകട്ടെ.* ഈ മാലിന്യങ്ങളിൽ നിന്ന് രക്ഷപ്രാപിക്കുന്നതിനായി, അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടുള്ള ഒരു ജിഹാദാണ് ഓരോ അഹ്മദിക്കും ആവശ്യം.

ഭൗതീക വസ്തുക്കളിൽ നിന്നും, സൗകര്യത്തിൽ നിന്നും പ്രയോജനം നേടുന്നത്, നിരോധിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരഹ്മദി എപ്പോഴും ഓർക്കേണ്ട കാര്യം, കാലഘട്ടത്തിന്റെ സൗകര്യങ്ങളിൽ നിന്ന് പ്രയോജനം നേടിക്കൊണ്ട് നേർമാർഗത്തിന്റെ പ്രചാരണ സംസ്ഥാപനത്തിലൂടെ ഹ: മസീഹ് മൗ ഊദ് (عليه السلام)ന്റെ സഹായികളായി മാറുക. അതല്ലാതെ അശ്ലീലതയിലും നിരീശ്വരത്തിലും ദുഷ്കർമ്മത്തിലും മുഴുകി സ്വയം ശത്രുക്കൾക്ക് കീഴ്പ്പെടുകയല്ല വേണ്ടത്. അതിനാൽ ഓരോ അഹ്മദിയ്യും ചിന്തിക്കേണ്ടതും വ്യാകുലപ്പെടേണ്ടതുമായ സന്ദർഭമിതാണ്.

നമ്മിലെ മുതിർന്നവർക്കും തങ്ങളുടെ മാതൃക നിലനാട്ടേണ്ടിയിരിക്കുന്നു. അങ്ങനെ തുടർന്നുള്ള സന്താന പരമ്പര ലോകത്തിലെ കുഴപ്പങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നവരായി മാറുന്നതാണ്. യുവ തലമുറയിലും പരിപൂർണ്ണ പരിശ്രമം നടത്തികൊണ്ടും, അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ടും സ്വയം ശത്രുക്കളിൽ നിന്ന് രക്ഷപ്രാപിക്കേണ്ടിയിരിക്കുന്നു.

യാതൊരു വിധ ലക്ഷണത്തെയും പ്രകടമാക്കാതെയാണ് ഈ ശത്രുക്കൾ ആക്രമണം അഴിച്ചു വിടുന്നു, വിനോദത്തിന്റെയും നേരമ്പോക്കിന്റെയും പേരിൽ നമ്മുടെ വീടിനുള്ളിലേക്ക് കടന്നു വന്നു കൊണ്ട്, നമ്മുടെ ജമാഅത്തിലെ യുവാക്കളെയും, ബലഹീനരായ വിഭാഗത്തെയും തന്നിലേക്ക് ആകർഷിക്കുന്നു. അവരിൽ ന്യൂനത സൃഷ്ടിക്കുന്നതിന് ശ്രമിക്കുന്നു. ഞാൻ പറഞ്ഞത് പോലെ അഹ്മദിയ്യത്തിന്റെ ഖലീഫമാർ സമയാസമയങ്ങളിൽ പ്രവർത്തന പരിവർത്തനത്തിലേക്ക് ശ്രദ്ധക്ഷണിച്ച് കൊണ്ടിരിക്കുന്നു. മുൻകടന്ന ഖലീഫമാരും ഞാനും ഖുത്വുബ മുഖേന ഈ ബലഹീനതകൾ ദുരീകരിക്കുന്നതിലേക്ക് ശ്രദ്ധക്ഷണിച്ച് കൊണ്ടിരിക്കുന്നു. ഈ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ശാഖാ സംഘടനകളും, ജമാഅത്ത് വ്യവസ്ഥിതിയും പരിപാടികൾ ആസൂത്രണം ചെയ്യുന്നു. അങ്ങനെ നമ്മുടെ എല്ലാ വിഭാഗവും എല്ലാ പ്രായത്തിലുള്ള അഹ്മദികളും ശത്രുക്കളുടെ ഇത്തരത്തിലുള്ള ആക്രമണത്തിൽ നിന്ന് രക്ഷനേടുന്നു.

നമ്മിൽ നിന്ന് ഓരോരുത്തരും തങ്ങളുടെ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധചെലുത്തി, ദീനിന്റെ എതിരാളികളുടെ ആക്രമണത്തെ പരാജയപ്പെടുത്തുന്നതിനായി പോരാടുക. ഇതു കൂടാതെ ദീനിന്റെ എതിരാളികളുടെ സംസ്കരണത്തിനായി ധ്വജവാഹകരായി നിലനിൽക്കുകയും ചെയ്യുക. പോരാട്ടം മാത്രമല്ല വേണ്ടത്, മറിച്ച് പോരാടിക്കൊണ്ട് അവരുടെ സംസ്കരണവും നടത്തുക. ഈ ലക്ഷ്യത്തെ കരസ്ഥമാക്കുന്നതിനായി നാം ദൈവവുമായി പ്രത്യേക ബന്ധം നേടിയെടുക്കുക. അങ്ങനെ നാം ദീനിന്റെ എതിരാളികളെ പരാജയപ്പെടുത്തുന്നവർ മാത്രമല്ല, മറിച്ച് അവരെ ശുദ്ധീകരിച്ച് കൊണ്ട് വിജയികളാക്കി മാറ്റുന്നു. അങ്ങനെ നമ്മുടെ സന്താനങ്ങളിൽ ദുഷിച്ച ന്യൂനതകളുണ്ടാകുന്ന കുഴപ്പങ്ങളെ ഇല്ലായ്മ ചെയ്യുന്നവരായി നാം മാറുന്നു. നമ്മുടെ വരും തലമുറയെ സംരക്ഷിക്കുന്നവരായി നാം മാറുന്നു. നമ്മിലെ ബലഹീനതയുടെ സംരക്ഷകരായി നാം മാറുന്നു. അങ്ങനെ ഈ പ്രവർത്തന ശുദ്ധിയുടെ ഉണർവ്വ് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പടർന്നു പിടിക്കുന്നു. ഈ ശൃംഖല ഖിയാമത്ത് വരെ നീളുന്നതാണ്. നമ്മുടെ പ്രവർത്തന ശുദ്ധിയിലൂടെ തബ്ലീഗ് മാർഗ്ഗങ്ങൾക്ക് വിശാലത കൈവരുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ തിന്മയെ പ്രചരിപ്പിക്കുന്നതു പകരം ഓരോ ദേശത്തും, ഓരോ ഭാഗത്തും അല്ലാഹുവിന്റെ നാമം പ്രചരിപ്പിക്കുന്നതിനു ഹേതുവായി മാറുന്നു.

നാം എല്ലാഴ്പ്പോഴും ഓർക്കേണ്ട കാര്യം നമ്മുക്ക് യാഥാർത്ഥ്യങ്ങളിൽ നിന്ന് കണ്ണടക്കാൻ സാധ്യമല്ല. പുരോഗതി കൈവരിക്കേണ്ട സമൂഹം, ലോകത്തെ ശുദ്ധീകരിക്കേണ്ട സമൂഹം, ലോകത്ത് വിപ്ലവം സംജാതമാക്കേണ്ട സമൂഹം തങ്ങളുടെ ബലഹീനയിലും ശ്രദ്ധ ചെലുത്തുന്നതാണ്. കണ്ണടച്ച്കൊണ്ട് എല്ലാം ശരിയാണ് എന്ന് പറയുന്ന രീതി, നമ്മുടെ പ്രവർത്തനങ്ങളിൽ തടസ്സം സൃഷ്ടിക്കുന്നതാണ്. നമ്മുക്ക് എല്ലാ അവസ്ഥയിലും യാഥാർത്ഥത്തിലേക്ക് ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ശ്രദ്ധ ചെലുത്തേണ്ടതാണ്. നാം 50% ആളുകളെ ശുദ്ധീകരിച്ച് എന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയല്ല വേണ്ടത്, അല്ലെങ്കിൽ 75% ശുദ്ധീകരണം നടന്നു. ലോകത്ത് വിപ്ലവം സംജാതമാകണമെങ്കിൽ 100% ന്റെ ടാർഗറ്റ് മുന്നിൽ വെക്കുക. ഞാൻ ഇതും പറയാൻ അഗ്രഹിക്കുന്നു, പ്രവർത്തന ശുദ്ധീകരണത്തിൽ നാം 100% വിജയികളായി മാറുകയാണെങ്കിൽ നമ്മുടെ കലഹങ്ങളും വഴക്കുകളും കേസുകളും പരസ്പരമുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങളും ധന അപഹരണവും ടി.വിയിലും മറ്റ് മാധ്യമങ്ങളിലും അനാവശ്യ കാര്യങ്ങൾ കാണുന്നതും, പരസ്പര ബഹുമാനത്തിലുള്ള വീഴ്ച്ചയും, പരസ്പരം താഴ്ത്തികാണിക്കുന്നതിനുള്ള ശ്രമവും ഇങ്ങനെയുള്ള മുഴുവൻ തിന്മകളും അവസാനിക്കുന്നതാണ്. സ്നേഹത്തിന്റെയും, മമതയുടെയും, സാഹോദര്യത്തിന്റെയും അന്തരീക്ഷം സംജാതമാക്കിക്കൊണ്ട് ഈ ലോകത്ത് വെച്ച് തന്നെ നമ്മുക്ക് സ്വർഗ്ഗദർശനം സാധ്യമാകുന്നതാണ്. ഈ തിന്മകൾ സാധാരണയായി നമ്മുടെ മുന്നിൽ വന്ന് കൊണ്ടിരിക്കുന്നു.

ജമാഅത്തുകളിലും ഞാൻ പറഞ്ഞ കാര്യങ്ങൾ ചിലതു സംഭവിക്കുന്നു. നമ്മിൽ ഉത്തരവാദിത്വബോധം ഉടലെടുക്കുകയാണെങ്കിൽ, ദീനിന്റെ സേവനം അല്ലാഹുവിന്റെ അനുഗ്രഹമായി ഗണിച്ച്കൊണ്ട് പ്രവർത്തിക്കുന്നവരായി നാം മാറുന്നതാണ്.

ഈ കാര്യത്തെ കുറിച്ച് ചിലർ ഇപ്രകാരം പറയുന്നതാണ്, ഞങ്ങൾ ദീനിന്റെ സേവനത്തെ അല്ലാഹുവിന്റെ അനുഗ്രഹമായി ഗണിച്ചുകൊണ്ട് പ്രവർത്തിക്കുന്നു. എന്നാൽ 100% ഭാരവാഹികളും ഇതിനെ പരിപൂർണ്ണമായി പാലിക്കുന്നില്ല. എന്റെ മുന്നിൽ വരുന്ന ചില സംഭവങ്ങളിൽ നിന്ന് മനസ്സിലാവുന്നത്, ഭാരവാഹികളിൽ ആത്മവിശ്വാസവും, ക്ഷമാ ശക്തിയുമില്ലായെന്നാണ്. ഉച്ചത്തിൽ ആരെങ്കിലും സംസാരിച്ചാൽ, തന്റെ അഹവും, ദുരഭിമാനവും പുറത്ത് വരുന്നു. ചിലർ ദുരഭിമാനത്തിന്റെ പുതപ്പ് ധരിക്കുന്നു. ഈ ജോലി അല്ലാഹുവിന്റെ അനുഗ്രഹമായി ഗണിച്ചുക്കൊണ്ട് ചെയ്യുന്നവർ, ദൈവതൃപ്തിക്കായി എല്ലാ കാര്യങ്ങളും ക്ഷമിക്കുന്നതാണ്. തന്റെ അഭിമാനത്തേക്കാൾ اَلْعِزَّةُ لِلّٰهِ (അല്ലാഹുനാണ് എല്ലാ അഭിമാനവും) എന്ന പദം അവനിൽ വിനയവും എളിമയും നിറക്കുന്നു. അതിസൂക്ഷമായി നാം പരിശോധിക്കുകയാണെങ്കിൽ, എല്ലാവരുടെയും ദൃഷ്ടിയിൽ നിസ്സാരക്കാരനാകുക എന്നതിൽ പ്രവർത്തനമില്ലയെന്നു മനസിലാവുന്നതാണ്. ചില സ്ഥലങ്ങളിൽ, ചില സാഹചര്യങ്ങളിൽ അഹം കത്തിജ്വലിക്കുന്നു. മറ്റ് ചില രീതിയിൽ അഹങ്കാരം വെളിപ്പെടുന്നു. വിനയത്തിന്റെ മാർഗം നാം ഇഷ്ടപ്പെടുന്നു, അതിനെ സ്വീകരിക്കാൻ തയ്യാറാകുന്നു, നാം അതിനു ഉദാഹരണം നൽകുന്നു.

**നിന്റെ വിനയത്തിന്റെ മാർഗം അവനു ഈഷ്ടമായി** യെന്ന് അല്ലാഹു ഇൽഹാം നൽകപ്പെട്ട വ്യക്തിയുടെ ബൈഅത്തിൽ ഉൾപ്പെട്ടവരാണെന്ന് നാമെന്നും പറയുന്നു. എന്നാൽ അദ്ദേഹം തന്നിൽ വിശ്വസിക്കുന്നവർക്ക് എന്ത് അദ്ധ്യാപനമാണ് നൽകിയിരിക്കുന്നതെന്ന് ശ്രദ്ധിക്കുന്നില്ല. നിങ്ങൾക്ക് ഞാനുമായി ബന്ധമുണ്ടെങ്കിൽ നിങ്ങളും ഈ രീതി അവലംബിക്കുക.

ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു: ''ഞാൻ നബി ﷺ തിരുമേനിയുടെ അദ്ധ്യാപനത്തെ പുനസ്ഥാപിക്കുന്നതിനായി അവതരിച്ചതാണ്.'' നബി ﷺ ന്റെ ജീവിതം നമ്മുടെ മുന്നിൽ നൽകുന്ന മാതൃക, അദ്ദേഹത്തിന്റെ അടിമപോലും പറയുന്നത്, ''എന്നോട് അദ്ദേഹം കാഠിന്യമേറിയ പദങ്ങളിലൂടെ സംസാരിച്ചിട്ടില്ല.'' തിരുനബി ﷺ യോടുള്ള ഭയത്താൽ ഒരു വ്യക്തിയിൽ വിറയലുണ്ടായപ്പോൾ പറഞ്ഞു: ''ഭയപ്പെടേണ്ടതില്ല. ഞാൻ ആക്രമിയായ രാജാവല്ല. ഉണങ്ങിയ മാംസം കഴിക്കുന്ന ഒരു സ്ത്രീയുടെ മകനാണ്.'' ഈ ഒരു പ്രവർത്തനരീതി ഓരോ ഭാരവാഹിയുടെയും കർമ്മ ജീവിതത്തിൽ ഉണ്ടാകേണ്ടതും ഇത് പകർത്തേണ്ടതും നിലനിർത്തേണ്ടതും അനിവാര്യമാണ്.

അതിനാൽ സ്ഥാനം ലഭിച്ചാൽ എപ്പോഴും മുഹമ്മദീ മസീഹിന്റെ ''ഞാൻ ദരിദ്രനും നിരാലംബനും കഴിവില്ലാത്തവനുമായിരുന്നു.'' എന്ന വാക്കുകളെ മുന്നിൽ വെക്കേണ്ടതാണ്. നമ്മുടെ പ്രവർത്തനത്തിൽ നിർഭാഗ്യതയും ദരിദ്രവും കഴിവില്ലാഴ്മയും പ്രകടമാക്കുമ്പോൾ സേവനത്തിന്റെ കടമ നിർവ്വഹിക്കുന്നവരായി നാം മാറുന്നു. അങ്ങനെ ദൈവിക സന്നിധിയിൽ പ്രവേശനം ലഭിക്കുന്നമെന്ന പ്രതീക്ഷ വെക്കുന്നവരായി നാം മാറുന്നു. ഇതല്ലായെങ്കിൽ നാം കാലത്തിന്റെ ഇമാമിൽ വിശ്വസിച്ചു എന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ ഒരു പക്ഷെ ശരിയിരിക്കാം എന്നാൽ യഥാർത്ഥത്തിൽ ഈ വാദത്തെ കളവാക്കുന്നവരായി മാറുന്നതാണ്. അന്യരുടെ ശത്രുത നമുക്ക് നഷ്ടം വരുത്തിവെക്കുന്നതല്ല. എന്നാൽ നാം നമ്മുടെ നഫ്സിന്റെ ഇരട്ടത്താപ്പ് മൂലം നശിപ്പിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ കോപത്തിന് ഇത് കാരണമാകുന്നു. പ്രധാനമായും ജമാഅത്തിന്റെ സേവനത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ, ആത്മപരിശോധന നടത്തേണ്ടത് നിർബന്ധമാണ്. പ്രത്യേകമായും ഓരോ അഹ്മദിയും തങ്ങളെ പരിശോധിച്ച് കൊണ്ടിരിക്കുക. കാരണം ബൈഅത്തിന്റെ കടമ നാവിന്റെ സാക്ഷ്യത്താലോ, വിശ്വാസത്താലോ പൂർത്തിയാകുന്നതല്ല. കർമ്മശക്തി പ്രകാശിതമാകുന്നതു വരെ യാതൊരു പ്രയോജനവും കരസ്ഥമാകുന്നതല്ല. നാം ഈസാ عليه السلام വഫാത്തായെന്ന് വിളംബരം നടത്തുന്നു, അതുപേലെ ഒരു മനുഷ്യനും മരണത്തിൽ നിന്ന് രക്ഷപ്രാപിക്കുകയില്ല എന്ന് നാം പറയുന്നു. നമ്മുടെ വിളംബരം, അല്ലാഹു തിരുനബി ﷺ യുടെ ദാസത്വത്തിൽ നിന്ന് നബിയെ അയക്കുന്നതാണ്, ഇന്നും സ്വാതികരോട് അവൻ സംസാരിക്കുന്നതാണ്, ഇൽഹാം നൽകുന്നതാണ്, കാരണം അവന്റെ ഗുണങ്ങൾ ചില സന്ദർഭത്തേക്ക് മാത്രം പരിമിതമല്ല, നാം ഇതും പറയുന്നു, മിർസാ ഗുലാം അഹ്മദ് ഖാദിയാനി عليه السلام നബി ﷺ തിരുമേനിയുടെ സത്യസന്ധനായ ദാസനും അദ്ദേഹത്തോടുള്ള സ്നേഹത്താലും അനുസരണത്താലും അല്ലാഹുവിൽ നിന്ന് ഉമ്മത്തീ നബിയുടെ സ്ഥാനം നൽകി അയക്കപ്പെട്ടിരിക്കുന്നു. നാം അദ്ദേഹത്തെ വിശ്വസിക്കുന്നു. അതുപോലെ നാം വെച്ച് പുലർത്തുന്ന വിശ്വാസം, വിശുദ്ധ ഖുർആൻ അവസാനത്തെ ശരീഅത്ത് ഗ്രന്ഥമാണ്. 1400 വർഷമായി തന്റെ യഥാർത്ഥ രൂപത്തിൽ നിലനിന്നു പോരുന്നു. കാരണം അല്ലാഹു അതിനുള്ള ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തിരിക്കുന്നു. മറ്റ് ഒരു ശരീഅത്ത് ഗ്രന്ഥവും അതിന്റെ യഥാർത്ഥ രൂപത്തിൽ ഇന്നു നിലവിലില്ല. നിങ്ങൾ എത്രതന്നെ ഒച്ചപ്പാടുണ്ടാക്കിയാലും, വിശുദ്ധ ഖുർആൻ അതിന്റെ യഥാർത്ഥ അവസ്ഥയിലല്ലെന്നൊ അല്ലെങ്കിൽ കുറച്ച് നൂറ്റാണ്ടുകൾക്ക് മുമ്പാണ് എഴുതപ്പെട്ടതെന്നു പറഞ്ഞാലും, നിങ്ങൾ തെറ്റിലാണെന്ന് ഞങ്ങൾ തെളിയിച്ചു തരാം. എന്നാൽ ഇവിടെ ഇസ്ലാമിന്റെ എതിരാളികൾ ടി.വി യിലെ പരിപാടിയിലൂടെയും, ലിഖിതങ്ങളിലൂടെയും ഈ കാര്യം സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നു. വിശുദ്ധ ഖുർആൻ **نَعُوْذُ بِاللّٰهِ** നബി ﷺ തിരുമേനിയുടെ മേൽ അവതരിച്ചതല്ല. മറിച്ച് 600, 700 വർഷം മുമ്പ് എഴുതപ്പെട്ടതാണ്. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ഇവരെ വെല്ലുവിളിച്ച് കൊണ്ട് തെളിവുകളിലൂടെ അവർക്ക് മറുപടി നൽക്കുന്നു. നമ്മുടെ തെളിവുകളുടെ സ്വാധീനം കാരണത്താൽ ഈ വാദം ഉന്നയിച്ച വ്യക്തി, ടി.വി ചാനലിൽ **ഖുർആൻ ശരിയോ തെറ്റോ** എന്ന പരിപാടി അവതരിപ്പിച്ചു. അദ്ദേഹത്തെ സംവാദത്തിനായി ക്ഷണിച്ചപ്പോൾ വ്യക്തമായ നിലയിൽ നിരാകരിക്കുകയുണ്ടായി. ഇത് പറയാനുള്ള കാര്യം നാം ഹദ്റത് ഈസാ عليه السلام വഫാത്തായി എന്നും അല്ലാഹു ഈസ عليه السلام ന്റെ രണ്ടാം വരവ് എന്ന നിലയിൽ മസീഹ് മൗഊദ് عليه السلام നെ ഈ കാലഘട്ടത്തിലേക്ക് അയച്ചിരിക്കുകയാണെന്നും, നാം നബി ﷺ യുടെ അവസാന ശരീഅത്ത് ഗ്രന്ഥം ഇതുവരെ അതിന്റെ യഥാർത്ഥ രൂപത്തിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നതെന്നും നാം ഉറച്ച് വിശ്വസിക്കുന്നു. ഈ വിശ്വാസങ്ങൾ, നമ്മുടെ ലക്ഷ്യത്തെ വിജയകൊടുമുടിയിലെത്തിക്കുവാൻ സഹായിക്കുന്നവയാണോ? തീർച്ചയായും ഇതിനുള്ള ഉത്തരം "അല്ല" എന്നാണ്. കാരണം ഈസാ عليه السلام ന്റെ വഫാത്ത് സ്ഥാപിച്ചതിന് ശേഷം രണ്ടാം വരവ് നബി ﷺ ന്റെ ഉമ്മത്തിൽ നിന്നുണ്ടാവേണ്ടതാണ്.

നബി ﷺ തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുടെ രൂപ ത്തിൽ അവതരിക്കേണ്ടതായിരുന്നു. ഈ കാര്യത്തെ നാം وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്നതിനെ മുന്നിൽ വെച്ചുകൊണ്ട് നബി ﷺ ന്റെ സഹാബത്ത് നിലനാട്ടിയ പരിശുദ്ധ പരിവർത്തനം നമ്മുടെ ഉള്ളിൽ സൃഷ്ടിക്കപ്പെടാതെ വെറും വിശ്വാസത്തിൽ മാത്രം നിലനിൽക്കുകയാണെങ്കിൽ യാതൊരു പ്രയോജനവും നമുക്ക് കരഗതമാകുന്നതല്ല. ഹ: മിർസാ ഗുലാം അഹ്മദ് ഖാദിയാനി عليه السلام നബി ﷺ നൽകിയ പ്രവചനത്തിന്റെ അടിസ്ഥാനത്തിലുള്ള മസീഹ് മൗഊദ് താന്നെയാണെന്നും, അദ്ദേഹത്തോട് അല്ലാഹു സംസാരിക്കാറുണ്ടായിരുന്നുവെന്നും നാം വിളംബരം ചെയ്യുന്നതോടൊപ്പം അദ്ദേഹത്തിന്റെ അദ്ധ്യാപനത്തിന്റെ സ്വാധീനം നമ്മിൽ പ്രകടമാക്കുന്നില്ലെങ്കിൽ, അത് വിശ്വാസ വഞ്ചനയാണ്. ഖുർആനെ ഇന്നുവരെ സംരക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നു നാം വിശ്വസിക്കുകയാണെങ്കിൽ, അതിലെ ജ്ഞാനവും കൽപ്പനയും നമ്മുടെ പരിവർത്തന മേഖലക്ക് അനിവാര്യമായനിലയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ, വിശുദ്ധ ഖുർആന്റെ സംരക്ഷണത്തെക്കുറിച്ചുള്ള വാദം നമുക്ക് പ്രയോജനം നേടി തരില്ല. ഈ വാദം സ്വാധീനം ചെലുത്തുന്നത്, അതിന്റെ അദ്ധ്യാപനം നമ്മുടെ കർമ്മത്തിലൂടെ പ്രകടമാകുമ്പോഴാണ്. ഈ വിശ്വാസം നമ്മുടെ മേൽ ഏൽപ്പിക്കുന്ന പ്രവർത്തന ഉത്തരവാദിത്വം പൂർത്തീകരിക്കാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. പ്രവർത്തന മേഖലയെ ശരിയാക്കുകയെന്നതും വളരെ വലിയ ഉത്തരവാദിത്വമാണ്. ഇതിനെ നാം നിറവേറ്റേണ്ടതാണ്.

ഹ: മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു: "ഓർക്കുക! ഏതുവരെ പ്രവൃത്തിയില്ലയോ, വാചകമടിയും വാദങ്ങളും പ്രയോജനം നേടിത്തരികയില്ല. വെറും വാക്കുകൾ ദൈവ സന്നിധിയിൽ വിലപോകില്ല." "തങ്ങളുടെ വിശ്വാസത്തെ അളക്കുക. കർമ്മം വിശ്വാസത്തിന്റെ ആഭരണമാകുന്നു. മനുഷ്യന്റെ കർമ്മം ശരിയല്ലായെങ്കിൽ അവന് വിശ്വാസവുമില്ല. വിശ്വാസി ഒരു സുന്ദരനായ മനുഷ്യനെ പോലെ, ചെറിയ രീതിയിലുള്ള ആഭരണം ധരിപ്പിക്കുന്നതായാൽ തന്നെ വളരെ അധികം സൗന്ദര്യം അത് പ്രദാനം ചെയ്യുന്നു. അതുപോലെ ഒരു വിശ്വാസിക്ക് അവന്റെ കർമ്മം വളരെയധികം സൗന്ദര്യം പ്രദാനം ചെയ്യുന്നു. അവൻ അധർമ്മിയാണെങ്കിൽ അവനിൽ ഒന്നും തന്നെയില്ല. മനുഷ്യന്റെ ഉള്ളിൽ യഥാർത്ഥ വിശ്വാസം ഉടലെടുത്താൽ അവന് കർമ്മത്തിന്റെ പ്രത്യേകമായ ആനന്ദം കൈവരുന്നു. അവനിൽ ആത്മജ്ഞാന നേത്രങ്ങൾ തുറക്കപ്പെടുന്നു. അവൻ നമസ്കരിക്കുമ്പോൾ നമസ്കാരത്തിന്റെ കടമ നിർവ്വഹിക്കപ്പെടുന്നു. അവനിൽ ഒരു ഉണർവ്വുണ്ടാകുന്നു. ദുഷിച്ച സമ്പർക്കത്തോട് വെറുപ്പുണ്ടാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും പ്രതാപത്തിന്റെ പ്രശോഭക്കായി തന്റെ ഹൃദയത്തിൽ പ്രത്യേകമായ ആവേശവും വെമ്പലുമുണ്ടാകുന്നു."

പറയുന്നു, "റസൂലുല്ലാഹ് ﷺ ജനങ്ങളുടെ ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് പറഞ്ഞു: എന്നെ സൂറ: ഹൂദ് വൃദ്ധനാക്കിയിരിക്കുന്നു. കാരണം ഈ കല്പനയുടെ അടിസ്ഥാനത്തിൽ വളരെ ഭാരമേറിയ ഉത്തരവാദിത്വം എന്നിൽ അർപ്പിതമായിരിക്കുന്നു. സ്വയം നന്നാവുകയും അല്ലാഹുവിന്റെ കല്പനകളെ പരിപൂർണ്ണമായി അനുസരിക്കുകയും ചെയ്യുക. ഏതുവരെ മനുഷ്യന്റെ സ്വന്തം വ്യക്തിത്വവുമായി ബന്ധമുള്ള കാര്യങ്ങൾ, ഒരു പക്ഷേ അവൻ പൂർത്തീകരിച്ചേക്കാം. എന്നാൽ മറ്റുള്ളവരെ അതുപോലെ ആക്കിത്തീർക്കുക നിസാര കാര്യമല്ല. ഇതിൽ നിന്നാണ് നമ്മുടെ നബി ﷺ യുടെ ഉന്നത പ്രതാപത്തേയും പരിശുദ്ധ ആത്മാവിന്റെ പ്രഭാവത്തേയും മനസ്സിലാക്കാൻ സാധിക്കുന്നത്. നബി ﷺ ഈ കല്പനയെ എങ്ങനെയാണ് നിർവ്വഹിച്ചത്? സഹാബത്തിന്റെ ഒരു പരിശുദ്ധ ജമാഅത്ത് അദ്ദേഹം തയാറാക്കി. സഹാബത്തിന്റെ ആ പരിശുദ്ധ ജമാഅത്ത്, كُنْتُمْ خَيْرَ اُمَّةٍ اُخْرِجَتْ لِلنَّاسِ എന്ന് പറയുന്ന രീതിയിൽ തയ്യാറാക്കി. رَضِيَ اللّٰهُ عَنْهُمْ എന്ന സ്ഥാനം അവർക്ക് ലഭിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു കപട വിശ്വാസിയും പരിശുദ്ധ മദീനയിൽ ഉണ്ടായില്ല. ഇങ്ങനെയുള്ള വിജയമാണു നബി ﷺ തിരുമേനിക്ക് ലഭിച്ചത്. ഇതിനുദാഹരണം മറ്റ് ഒരു നബിയുടെയും ജീവിത സംഭവത്തിൽ നിന്നും ലഭിക്കുന്നതല്ല. ഇതിലൂടെ അല്ലഹുവിന്റെ ഉദ്ദേശ്യം, നമ്മുടെ പ്രവൃത്തികൾ വാക്കുകളിൽ മാത്രമായി ഒതുങ്ങരുത് എന്നാണ്. വെറും വാചകമടിയിലും മറ്റുള്ളവരെ കാണിക്കാനും മാത്രമാണെങ്കിൽ നാമും മറ്റുള്ളവരും തമ്മിൽ എന്ത് വ്യതിരിക്തതയാണ് ഉണ്ടാകുക. മറ്റുള്ളവരേക്കാൾ എന്ത് മഹത്വമാണ് നമ്മുക്കുള്ളത്." പറയുന്നു: "നിങ്ങൾ നിങ്ങളുടെ പ്രവർത്തന മാതൃക മാത്രം പ്രദർശിപ്പിക്കുക. മറ്റുള്ളവർ അത് സ്വീകരിക്കുന്ന തരത്തിൽ അതിലൊരു തിളക്കമുണ്ടാവണം." ഇതിനു ശേഷം അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കുകയുണ്ടായി. "നിങ്ങൾ നിങ്ങളുടെ പ്രവർത്തനമാതൃക മാത്രം കാണിക്കുക. മറ്റുള്ളവർ സ്വീകരിക്കുന്നതരത്തിലുള്ള ഒരു തിളക്കമതിലുണ്ടാവണം. ഇതിൽ ഏതുവരെ തിളക്കം ഉണ്ടാവുന്നില്ലയോ ആരും അതിനെ സ്വീകരിക്കുന്നതല്ല. ഏതെങ്കിലും മനുഷ്യൻ വൃത്തിഹീനമായ വസ്തു ഇഷ്ടപ്പെടുമോ? വസ്ത്രത്തിൽ ഒരു കറ ഉണ്ടായാൽ അത് നല്ലതായി ഗണിക്കപ്പെടുകയില്ല. അതുപോലെ നിങ്ങളുടെ ആന്തരിക അവസ്ഥയിൽ വെളിച്ചവും തിളക്കവും ഇല്ലെങ്കിൽ അതിനു ആരും വിലനൽകുന്നതല്ല. ഓരോ വ്യക്തിയും ഉന്നതമായ വസ്തുക്കളെയാണ് ഇഷ്ടപ്പെടുക. അതുപോലെ നിങ്ങളുടെ സ്വഭാവം ധാർമ്മിക സ്ഥാനത്ത് എത്തുന്നില്ലായെങ്കിൽ ഒരു സ്ഥാനത്തും ചെന്നെത്തപ്പെടുകയില്ല."

*അല്ലാഹു നമ്മെ ഉന്നത സ്വഭാവഗുണമുള്ളവരാക്കിമാറ്റട്ടെ. നമ്മുടെ ഉള്ളിൽ പരിശുദ്ധ പരിവർത്തനം ഉടലെടുത്ത് അതിന്റെ വെളിച്ചം ലോകത്തെ നമ്മിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതാക്കി മാറ്റുകയും ചെയ്യുമാറാകട്ടെ. മുമ്പത്തേക്കാളുപരി തബ്ലീഗിന്റെ മാർഗങ്ങൾ തുറക്കുമാറാകട്ടെ. നാം ഹ: മസീഹ് മൗഊദ് عليه السلام ന്റെ ഉദ്ദേശ്യലക്ഷ്യം പൂർത്തിയാക്കുന്നവരായി മാറട്ടെ.*

## PRINTED BOOKS

**From,**
**Ahmadiyya Mission House**
**K.N.Road Karapparamba,**
**Calicut -10**

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba) on 06/12/2013, at London. Translation: Hashim Ashraf, Alleppey - 07736669096

Typing: A.T. Nasarudheen Calicut
Published by: **Majlis Khuddamul Ahmadiyya, Kerala**